**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5090** **20-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയില്ലുള്ള കുളം, റോഡ്, ആറ് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ചട്ടത്തിൽ ഇളവ് നൽകി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയില്ലുള്ള കുളം, റോഡ്, ആറ് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ചട്ടത്തിൽ ഇളവ് നൽകി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് നിയോജക മണ്ഡലാടിസ്ഥാനത്തിലോ അല്ലാതെയോ റവന്യൂ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. എന്നാൽ ഇത്തരം ഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച നിയമവശങ്ങൾ സർക്കാർ ഗൗരവമായി പരിശോധിച്ച് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ സമിതി രൂപീകരിക്കേണ്ടതുണ്ടോ; എങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ; പാലക്കാട് ജില്ലയിൽ പ്രസ്തുത സമിതി രൂപീകരിക്കുകയും മേൽ വിഷയത്തിൽ അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയില്ലുള്ള കുളം, റോഡ്, ആറ് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ചട്ടത്തിൽ ഇളവ് നൽകി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് നിയോജക മണ്ഡലാടിസ്ഥാനത്തിലോ അല്ലാതെയോ റവന്യൂ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്. എന്നാൽ ഇത്തരം ഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച നിയമവശങ്ങൾ സർക്കാർ ഗൗരവമായി പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ